# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3324 — 19.10.2016-ൽ മറുപടിക്ക്

## പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി പ്രകാരം ഈ സർക്കാർ എത്ര പേർക്ക് സഹായം നൽകിയിട്ടുണ്ട്; | എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി പ്രകാരം ഈ സർക്കാർ 62 പേർക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. |
| ബി) | പദ്ധതി പ്രകാരം ഈ വർഷം എത്ര തുക മാറ്റി വച്ചിട്ടുണ്ട്; ഇതു പ്രകാരം എത്ര പേർക്ക് ഭൂമി വാങ്ങി നൽകാൻ കഴിയുമെന്നാണ് കരുതുന്നത്; | ബി) | സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി, പാർപ്പിടം, കുടിവെള്ളം, വൈദ്യുതി തുടങ്ങിയുള്ള പുനരധിവാസത്തിനായി നടപ്പ് സാമ്പത്തിക വർഷം 42 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ നിന്നും ഭൂരഹിതരായ അർഹതയുള്ള പട്ടികവർഗ്ഗക്കാരുടെ അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് 200 പേർക്ക് ധനസഹായം നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| സി) | ഈ പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ച അർഹരായ എത്ര പേരുടെ അപേക്ഷ സർക്കാർ നിരസിച്ചിട്ടുണ്ട്; കണക്ക് ലഭ്യമാക്കുമോ? | സി) | ഭൂമി വാങ്ങുന്നതിന് ലഭ്യമായ അർഹതയുള്ള അപേക്ഷകൾ ഒന്നുംതന്നെ നിരസിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ